**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3493** **26-06-2024 - ൽ മറുപടിയ്ക്ക്**

**തന്റെയിടം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തന്റെയിടം പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും 2022-23, 2023-24 എന്നീ കാലയളവുകളിൽ എത്ര ഭവനങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | POSCO കേസുകളിൽ ഇരകളാക്കപ്പെട്ടവർക്കും (അതിജീവിതർ) സർക്കാർ നേരിട്ടോ/സർക്കാർ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഭവനരഹിതരായ കുട്ടികൾക്കും 18 വയസ്സ തികഞ്ഞ് ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്ത് പോകേണ്ടി വരുമ്പോൾ പൊതു സമൂഹത്തിൽ സുരക്ഷിതമായി താമസിയ്ക്കുന്നതിനു വീട് നൽകുക എന്നതാണ് തന്റെയിടം പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വനിത ശിശുവികസന വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ക്ഷേമ സ്ഥാപനങ്ങളിൽ വളർന്നു വന്നതും 18 വയസ്സ് കഴിഞ്ഞ് സ്വന്തമായി ഒരു വരുമാന മാർഗ്ഗമുള്ളതും നിലവിൽ വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ തന്നെ തുടരുന്നതോ വകുപ്പിന്റെ മേൽ നോട്ടത്തിൽ തന്നെ ഹോസ്റ്റലുകളിലോ മറ്റോ തുടരുന്നതുമായ സ്വന്തമായി ഭൂസ്വത്തില്ലാത്ത അനാഥരായ വ്യക്തികളാണ് തന്റെയിടം പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇത്തരത്തിലുള്ള ഗുണഭോക്താക്കളെ സ്ഥാപന മേധാവികൾ കണ്ടെത്തി അതാത് ജില്ലാ ഓഫീസർമാർക്ക് ശുപാർശ ചെയ്യുന്നു. ഓരോ ജില്ലയിൽ നിന്നും ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല കമ്മിറ്റി വിശകലനം ചെയ്ത് മതിയായ അന്വേഷണം നടത്തി സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നു. ഇത്തരത്തിൽ ജില്ലകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. ഇങ്ങനെ ലഭിക്കുന്ന വീടുകൾ പൂർണ്ണമായും ഗുണഭോക്താവിന്റെ അവകാശത്തിൽപ്പെട്ടതായിരിക്കും. ഭാവിയിൽ |

ഗുണഭോക്താവിന്റെ കാലശേഷം അവകാശികളായി ഭാര്യ/ഭർത്താവ്/ കുട്ടികൾ എന്നിവരിലാരെങ്കിലും ഇല്ലാത്ത പക്ഷം പ്രസ്തുത ഭവനം തിരികെ സർക്കാരിലേയ്ക്ക് വന്നു ചേരുന്നതും ആയതിന് അർഹരായ മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തുന്നതുമായിരിക്കും.

2022-23 കാലയളവിൽ കോഴിക്കോട് ജില്ലയിൽ മൂന്ന്, കണ്ണൂർ ജില്ലയിൽ നാല്, വയനാട് ജില്ലയിൽ അഞ്ച് എന്നിങ്ങനെ ആകെ 12 വീടുകളാണ് ഭവന നിർമ്മാണ ബോർഡ് പദ്ധതിയ്ക്കായി മാറ്റി വച്ചിട്ടുള്ളത്. പ്രസ്തുത വീടുകൾ നൽകുന്നതിനുള്ള 12 ഗുണഭോക്താക്കളെ സംസ്ഥാനതല കമ്മിറ്റി തിരഞ്ഞെടുത്തിട്ടുണ്ട്.

2023-24 കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ എട്ട്, കോഴിക്കോട് ജില്ലയിൽ മൂന്ന്, കണ്ണൂർ ജില്ലയിൽ ആറ് എന്നിങ്ങനെ ആകെ 17 വീടുകളാണ് ഭവന നിർമ്മാണ ബോർഡ് പദ്ധതിയ്ക്കായി മാറ്റി വച്ചിട്ടുള്ളത്. ടി സാമ്പത്തിക വർഷം പദ്ധതിയ്ക്ക് അനുയോജ്യരായ 15 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്.

ടി രണ്ട് സാമ്പത്തിക വർഷങ്ങളിലും തന്റെയിടം പദ്ധതി പ്രകാരം തിരഞ്ഞെടുത്തിട്ടുള്ള ഗണഭോക്താക്കൾക്ക് നിയമ നടപടികൾ പൂർത്തീകരിച്ച് വീട് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**<u>മാനദണ്ഡങ്ങൾ</u>**

തന്റെയിടം പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് തെരഞ്ഞെടുക്കേണ്ടത്.

1. 2016 ലെ. J.J Act 2(42) ൽ നിർവചിക്കുന്ന പ്രകാരം അനാഥരായിരിക്കണം.

2. സ്വന്തമായി വരുമാനമാർഗ്ഗമുണ്ടായിരിക്കുകയും സ്വന്തം നിലയിൽ താമസിക്കാനുള്ള ക്ഷമതയുണ്ടായിരിക്കുകയും വേണം.

3.സ്വന്തമായോ പൈതൃകമായോ ഭൂസ്വത്തുണ്ടാവരുത്.

4.സ്വന്തമായി വരുമാനമില്ലാത്തതും ഭൂസ്വത്തില്ലാത്തതുമായ പോക്സോ അതിജീവിതരെയും മാതാപിതാക്കൾ /സഹോദരങ്ങൾ ഇതര ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്നതും, മറ്റ ബന്ധുക്കളില്ലാത്തവരുമായവരെയും സ്വന്തം ഭവനത്തിൽ തിരികെ പോകാൻ സാഹചര്യമില്ലാതെ

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ തന്നെ കഴിയേണ്ടി വരുന്നവരെയും പരിഗണിക്കുന്നതാണ്.<br><br>5. ദീർഘകാലം വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ താമസിച്ച വരുന്നവർക്ക് മുൻഗണന നൽകുന്നതാണ്.<br><br>6.വകുപ്പിന്റെ സ്ഥാപനങ്ങളിൽ താമസിച്ചവന്നതിന് സ്ഥാപന മേധാവിയും ജോലി സംബന്ധിച്ച വിവരങ്ങൾക്ക് തൊഴിലുടമയും ഭൂസ്വത്തില്ലാത്തതിനും അനാഥനാണെന്നുള്ളതിനും ഗുണഭോക്താവും സാക്ഷ്യപത്രം നൽകേണ്ടതാണ്. |
| (ബി) | പോക്സോ കേസുകളിലെ അതിജീവിതർക്ക് പ്രസ്തുത പദ്ധതിയിൽ മുൻഗണന നൽകുമെന്ന് അറിയിച്ചതിൻ പ്രകാരം ഇതിന്റെ ഗുണങ്ങൾ ലഭിച്ചവരുടെ വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ? | (ബി) | പോക്സോ അതിജീവിതരെ പ്രസ്തുത പദ്ധതിയിലേയ്ക്ക് പരിഗണിച്ചിട്ടുണ്ട്. എന്നാൽ അതിജീവിതരുടെ വിവരങ്ങൾ വെളിപ്പെടുത്താൻ പാടില്ലെന്ന് പോക്സോ നിയമം അനുശാസിക്കുന്ന സാഹചര്യത്തിൽ ടി ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കുവാൻ നിർവാഹമില്ല . |

സെക്ഷൻ ഓഫീസർ